പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4415 19.10.2011 -ൽ മറുപടിയ്ക്ക്

## വെറ്ററിനറി സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ മൂന്ന് കോളേജുകളാണ് പ്രവർത്തിക്കുന്നത്.<br>1.കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ് --പൂക്കോട്,വയനാട്<br>2. കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്-- മണ്ണുത്തി,തൃശ്ശൂർ<br>3.കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി , മണ്ണുത്തി, തൃശ്ശൂർ |
| ബി) തലസ്ഥാനത്ത് വെറ്ററിനറി സയൻസിലോ ഡയറി ടെക്നോളജിയിലോ കോഴ്സുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; | ബി) ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങളൊന്നും വകുപ്പിന് ലഭിച്ചിട്ടില്ല എന്നാൽ ബഹു. നെടുമങ്ങാട് എം.എൽ.എ ശ്രീ.പാലോട് രവി അവർകൾ ഇതു സംബന്ധിച്ച് ബഹു. വകുപ്പു മന്ത്രിക്ക് സമർപ്പിച്ച കത്ത് വെറ്ററിനറി സർവ്വകലാശാല വൈസ് ചാൻസലർക്ക് ലഭിച്ചിട്ടുണ്ട് എന്ന വിവരം വെറ്ററിനറി സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| സി) തെക്കൻ കേരളത്തിൽ ഇത്തരത്തിൽ ഒരു കോളേജ് ഉണ്ടാകേണ്ടതിന്റെ ആവശ്യം പരിഗണിച്ച് ഇതിൻമേൽ അനുകൂല തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) കേരളത്തിലൂടനീളം പുതിയ കോളേജുകളടക്കമുളള സ്ഥാപനങ്ങൾക്കുളള നിർദ്ദേശം സമർപ്പിക്കാൻ സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

Seela

സെക്ഷൻ ഓഫീസർ